
www.malankaralibrary.com

# MALANKARA CATHOLIC ASSOCIATION-(MCA)

**Syro Malankara Catholic Church, Diocese of St. John Chrysostom, Gurgaon**
Mar Ivanios Bhawan, J1/61-62, Paryavaran Complex, IGNOU Road, Neb Sarai, New Delhi 110068
Tel: 011- 2536525, Email- mcagurgaondiocese@gmail.com

Vol:4; Edition-44/2022 dated 1.11.2022
(For private circulation only)

## NEWS BULLETIN- OCT. 22



മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ദ്വിതീയാധ്യക്ഷൻ ആയിരുന്ന ഭാഗ്യസ്മരണീയനായ ആബൂൻ തങ്ങളത്തിൽ ബനഡിക്ട് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലിത്തായുടെ 28-ാം ദീപ്ത സ്മരണയിൽ മലങ്കര മക്കൾ ⛪


മലങ്കര സുറിയാനി കത്തോലിക്ക സഭ
ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് അനുസ്മരണ
ശാന്തിയാത്ര
മലങ്കര കാത്തലിക് അസോസിയേഷൻ (എം. സി. എ)
ആഭിമുഖ്യത്തിൽ
2022 ഒക്ടോബർ 9 ഞായറാഴ്ച വൈകുന്നേരം 4.30
നാലാഞ്ചിറ മാർ ഈവാനിയോസ് കോളേജ് ചാപ്പലിൽ നിന്ന്
പട്ടം സെന്റ് മേരീസ് കത്തീഡ്രലിലേയ്ക്ക്







www.malankaralibrary.com






ശാന്തിയാത്ര

***പുണ്യശ്ലോകനായ ആർച്ച് ബിഷപ്പ് ബെനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ 28-ാമത് ഓർമ്മപ്പെരുന്നാൾ***





ഭാഗ്യസ്മണാർഹനായ ആർച്ച്ബിഷപ്പ് ബെനഡിക്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തയുടെ 28-ാം ഓർമ്മപ്പെരുന്നാൾ 2022 ഒക്ടോബർ 10 ന് ആഘോഷിച്ചു. ഒക്ടോബർ 9 ഞായർ എം സി എ യുടെ നേതൃതവത്തിൽ നാലാഞ്ചിറ മാർ ഇവാനിയോസ് വിദ്യ നഗറിലെ കോളേജ് ചാപ്പലിൽ നിന്ന് പട്ടം സെന്റ്

മേരീസ് കത്തീഡ്രലിലെ പുണ്യപിതാവിന്റെ കബറിങ്കലേക്ക് ശാന്തിയാത്ര നടത്തപ്പെട്ടു. തുടർന്ന് 6 മണിക്ക് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരമാധ്യക്ഷൻ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ളീമിസ് കാതോലിക്കാ ബാവ തിരുമേനിയുടെ മുഖ്യകാർമികത്വത്തിൽ സന്ധ്യാനമസ്ക്കാരവും കബറിങ്കൽ ധൂപ പ്രാർത്ഥനയും നടന്നു .

ഓർമ്മപ്പെരുന്നാൾ ദിനമായ 10 ന് രാവിലെ 6.30 ന് അത്യഭിവന്ദ്യ കാതോലിക്കാ ബാവ തിരുമേനിയുടെ മുഖ്യ കാർമികത്വത്തിൽ വി. കുർബാന അർപ്പിക്കപ്പെട്ടു. അഭിവന്ദ്യരായ ജോഷ്വാ മാർ ഇഗ്നാത്തിയോസ് , സാമുവൽ മാർ ഐറേനിയോസ് , വിൻസെന്റ് മാർ പൗലോസ് , തോമസ് മാർ യൗസേബിയോസ് , യൂഹാനോൻ മാർ തെയോടഷ്യസ്, ആന്റണി മാർ സിൽവാനോസ് , യൂഹനോൻ മാർ ക്രിസോസ്റ്റം , മാത്യൂസ് മാർ പോളികാർപ്പസ് എന്നി തിരുമേനിമാർ, ബഥനി സന്യാസ സമൂഹം സുപ്പീരിയർ ജനറൽ പെരിയ ബഹു. മത്തായി കടവിൽ OIC അച്ചൻ , വിവിധ ഭദ്രസങ്ങളിലെ വികാരി ജനറൽ അച്ചന്മാർ , വൈദികർ എന്നിവർ സഹകാർമികർ ആയി.അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് തിരുമേനി വചനസന്ദേശം നൽകി .

വി. കുർബാനയെ തുടർന്ന് അത്യഭിവന്ദ്യ ബസേലിയോസ് ക്ളീമിസ് കാതോലിക്കാ ബാവ തിരുമേനിയുടെ മുഖ്യ കാർമികത്വത്തിൽ കബറിങ്കൽ ധൂപപ്രാർത്ഥന നടത്തപ്പെട്ടു. നേർച്ചവിതരണത്തോടെ ഈ വർഷത്തെ ഓർമ്മപ്പെരുന്നാൾ സമാപിച്ചു.







മലങ്കര കാത്തലിക് അസോസിയേഷൻ ആയൂർ വൈദിക ജില്ല യുടെ ആഭിമുഖ്യത്തിൽ 16 10 2022 ഞായറാഴ്ച ഇളമാട് സെൻ്റ് തോമസ് മലങ്കര കത്തോലിക്ക ദൈവാലയത്തിൽ ആർച്ച് ബിഷപ്പ് ബനഡിക്റ്റ് മാർ ഗ്രീഗോറിയോസ് അനുസ്മരണ പ്രഭാഷണവും ചാരിറ്റി ഫണ്ട് ഉദ്ഘാടനവും നടന്നു. പ്രാർത്ഥന റവ.ഫാ. ജോർജ്ജ് ഭട്ടാശ്ശേരിൽ, സ്വാഗതം ശ്രീ സാബു യോന്നാൻ, അദ്ധ്യക്ഷൻ ശ്രീ പോൾരാജ് പൂയപ്പള്ളി, ആമുഖ സന്ദേശം റവ.ഫാ. എഡിസൻ പള്ളിവടക്കതിൽ, ഉദ്ഘാടനം വെരി.റവ.ഫാ.ജോസഫ് വെണ്മാനത്ത്, അനുസ്മരണ പ്രഭാഷണം ഡോ.തോമസുകുട്ടി പനച്ചിക്കൽ ആശംസ ശ്രീ ജേക്കബ് കളപ്പുരയ്ക്കൽ, ചാരിറ്റി ഫണ്ട് ഉദ്ഘാടനം സാജൻ തോമസ് കിഴക്കേ വീട്, കൃതജ്ഞത ബേബി മാത്യു മാമൂട്ടിൽ തുടങ്ങിയവർ നിർവ്വഹിച്ചു. ആർച്ച് ബിഷപ്പ് ബനഡിക്റ്റ് മാർ ഗ്രീഗോറിയോസ്

അനുസ്മരണ പ്രബന്ധ രചനാ മത്സരത്തിൻ്റെ സമ്മാനം സമ്മേളനത്തിൽ വിതരണം ചെയ്തു.






മലങ്കര കാത്തലിക് അസോസിയേഷൻ മാവേലിക്കര ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ പൂഴിക്കാട് സെന്റ് സ്റ്റീഫൻസ് മലങ്കര പള്ളിയിൽ നടത്തിയ ആർച്ച് ബിഷപ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് അനുസ്മരണം മാവേലിക്കര രൂപത വികാരി ജനറാൾ പുത്തൻവീട്ടിൽ യുഹാനോൻ റമ്പാൻ ഉദ്ഘാടനം ചെയ്യുന്നു.

# അനുസ്മരണം നടത്തി

പന്തളം ● സഹജീവികൾക്ക് നന്മ ചെയ്ത ഉന്നത വ്യക്തിത്വത്തിനുടമയായിരുന്നു ആർച്ച് ബിഷപ് ബനഡിക്ട് മാർ ഗ്രിഗോറിയോസെന്നു മാവേലിക്കര രൂപത വികാരി ജനറാൾ പുത്തൻവീട്ടിൽ യൂഹാനോ റമ്പാൻ. മലങ്കര കാത്തലിക് അസോസിയേഷൻ മാവേലിക്കര ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ പൂഴിക്കാട് സെന്റ് സ്റ്റീഫൻസ് മലങ്കര പള്ളിയിൽ നടത്തിയ അനുസ്മരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

എംസിഎ രൂപത പ്രസിഡന്റ് അനിൽ ബാബു അധ്യക്ഷത വഹിച്ചു. ഫാ.മാത്യു വലിയപറമ്പിൽ ആമുഖപ്രസംഗം നടത്തി. പീറ്റർ സി.ഏബ്രഹാം, ഫാ.ജോസഫ് പടിപ്പുര, സിജു റോയ്, വൈസ് പ്രസിഡന്റ് അന്ന പൊന്നച്ചൻ, ജനറൽ സെക്രട്ടറി ഡോ. ഷാജി എം.സ്റ്റാൻലി, കറ്റാനം എംസിഎ പ്രസിഡന്റ് ബാബു അമ്പലത്തുംകാല, സഞ്ജീവ് മാരൂർ, ജോർജുകുട്ടി പുത്തൂർ, ട്രസ്റ്റി ബിൻസൻ ജോൺ, സെക്രട്ടറി സഞ്ജു ഡാനിയൽ, യൂണിറ്റ് പ്രസിഡന്റ് ജോൺ തുണ്ടിൽ, ലിജു ടി.ജോൺ, ലീലാമ്മ എന്നിവർ പ്രസംഗിച്ചു. മാർ ഇവാനിയോസ് ക്വിസ് മത്സരവും സമ്മാനദാനവും ജീവകാരുണ്യ സഹായ വിതരണവും നടന്നു.





## ചീരാൽ കടുവാ പ്രശ്നം
## ശക്തമായ പ്രതിഷേധവുമായി
## എം.സി.എ. ബത്തേരി രൂപത
### പഴൂർ സംയുക്ത സമര സമിതിക്ക്
## ഐക്യദാർഢ്യം

കടുവ ഭീഷണി നിലനിൽക്കുന്ന ചീരൽ, കൃഷ്ണഗിരി ഭാഗങ്ങളിൽ മനുഷ്യ ജീവിതം താറുമാറായികൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, പ്രശ്നക്കാരനായ കടുവയെ പിടികൂടണമെന്നും, കർഷകനെ വന്യ ജീവികളിൽ നിന്നും സംരക്ഷണം നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പഴൂർ ഫോറെസ്റ്റ് സ്റ്റേഷൻ അങ്കണത്തിൽ ജനകീയ സമരസമിതിയോടൊപ്പം മലങ്കര കാതലിക് അസോസിയേഷൻ ബത്തേരി രൂപത - മേഖല - യൂണിറ്റ് അംഗങ്ങൾ അണി നിരന്നു. യോഗത്തിൽ വൈദിക ഉപദേഷ്ടാവ് ഫാ. ആന്റോ ഇടകളത്തൂർ, എക്സിക്യൂട്ടീവ് അംഗം വി. പി. തോമസ്, റോയ് കയ്യാലത്ത് , ചെറിയാൻ മഠത്തിൽ , പോൾ പുലികോട്ടിൽ, വർഗീസ് പോക്കാട്ട്, ഷാജി കോയിലേരി, ജോയ് ഒലിക്കൽ എന്നിവർ പ്രസംഗിച്ചു.

THE MALANKARA SYRIAN CATHOLIC MAJOR ARCHI EPISCOPAL CHURCH

## MALANKARA CATHOLIC ASSOCIATION (M.C.A.)

THE LAITY MOVEMENT OF MALANKARA SYRIAN CATHOLIC CHURCH

DIOCESE OF PUTTUR

Central Office : Shanthi Bhavana, Catholic Bishop's House, Panjala, Mundoor P. O., Puttur Tq. D. K., Karnataka - 574202
Ph : 08251-237548 Email : mcaputturdiocese@gmail.com

**Diocesan Spiritual Advisor**
Msgr. Dr. Eldho Puthenkandathil
9480387710

**President**
Mr. K.J Sajith Shivamogga
9886975137,9448255899

**General Secretary**
Mr. Thomas Mathew Noojibalthila
9448817527

**Vice President**
Mr. Rejith John Singasandra
9880730237

**Vice President**
Mrs. Elcy Thomas Josegiri
9880323572

**Secretary**
Mr. Moncy Mathew N. R. Pura
6363941347

**Secretary**
Mrs. Mini Kurian, Vimalagiri
7353617765

**Treasurer**
Mr. Roy Thomas Singasandra
9448173822

Dear Rev. Fathers, Sisters, MCA Diocese/Regional/Unit leaders and members,

Prayerful greetings from MCA Diocese of Puttur.

One of our parish member Mr. Sunil (43 years) who belongs to St. Mary's Malankara Catholic Church, Valencia, Mangalore, DK region, Puttur Diocese is suffering from cancer (stage 4). He's the sole bread-winner of the family and the family also struggling to meet their daily needs along with the treatment and their daughter's education who is studying in 12th standard and is exceptionally good in studies.

Let's all stand together and contribute towards his treatment and his family's daily needs.

A small contribution from each one of us will be a great help to save a life and also support the family at this critical stage.

Request to transfer your contribution directly to the family's bank account given below.

Account name: SINDHU SUNIL
A/c No. 1453101014880
IFSC: CNRB0001453
Type: Savings account
Bank: Canara Bank, Narasimharajapura Branch

Google pay: 8762638664
UPI ID: hellofighter399@okaxis
QR code:

hellofighter399@okaxis

Hope to get everyone's strong support, contribution and prayers....

Sindhu Sunil
hellofighter399@gmail.com
+91 87626 38664

Msgr. Dr. Eldho Puthenkandathil
Spiritual Advisor

Sajith K. J.
President

Thomas Mathew
General Secretary

www.malankaralibrary.com



## Onam 2022 celebrations @ St Thomas Malankara Chucrh,West Delhi

Parish Community of STMCC West Delhi Celebrated Onam 2022 with a colorful function on 25th Sep 2022 Sunday after Holy Mass. Rev Fr. Joseph Plakkoottathil lit the lamp and inaugurated the function at the Parish auditorium. Celebrations are marked by various cultural programmes that include dance, music, and games that are collectively called Onakalikal. Pious organization of the Parish actively participated in these events. Tug of War (Vadam Vali) was the highlight of the day. MCYM Boys, MCYM Girls, MCCL Team A declared winners of the game after tough completion with Pitruvedi, Matrusangam & MCCL Team B respectively.

Then a full course Traditional Onam Sadya served to all which was prepared by senior members of the Parish.

After Covid19 lockdowns and restrictions this was a major get together of the parish community and all were cherished with the moments of the day.



www.malankaralibrary.com



എം സി എ ഡൽഹി റീജിയൻ ആത്മീയ ഉപദേഷ്ടാവ് ആയി 6 വർഷം സേവനം അനുഷ്ഠിച്ചു ഒഡീഷ റീജിയനിലേക്കു ട്രാൻസ്ഫർ ആയി പോകുന്ന പെരിയ ബഹു. അജി താന്നിമുട്ടിൽ അച്ചന് എം സി എ ഡൽഹി റീജിയൻ സ്നേഹോപഹാരം നൽകി.



www.malankaralibrary.com




MCA ഡൽഹി റീജിയൻ ന്റെ നേതൃത്വത്തിൽ ഒക്ടോബർ 8 ശനിയാഴ്ച പുനരെയ്ക്യ വാർഷികവും,സർദാന തീർത്ഥയാത്രയും നടത്തി. വെരി.റവ.ഫാ. വർഗീസ് വിനയാനന്ദ് വിശുദ്ധ കുർബാനക്ക് മുഖ്യ കാർമികത്വം വഹിച്ചു. ഡൽഹി റീജിയണൽ ലെ എല്ലാ വൈദികരും സഹ കർമ്മികരായിരുന്നു.

10th ക്ലാസ്സിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി വിജയം നേടിയ ഗുഡ്ഗാവ് രൂപതയിൽ നേബ്സരായി കാത്തീഡ്രൽ ഇടവക അംഗമായ അലീന തോമസ് KMRM കുവൈറ്റ് സ്പോൺസർ ചെയ്ത ക്യാഷ് അവാർഡും, മോറോൻ മോർ ബസേലിയോസ് വിദ്യാശ്രീ പുരസ്കാരവും MCA സഭാതല സമിതി അംഗം ശ്രീ.വർഗീസ് മാമ്മൻ,MSGR. Very. Rev. Fr. Varghese Vinayanand എന്നിവരിൽ നിന്നും ഏറ്റുവാങ്ങി.

ഉപന്യാസ മത്സരങ്ങളിൽ വിജയികളായവർക്കുള്ള പാരിതോഷികങ്ങളും നൽകി




life is better with unicorns





www.malankaralibrary.com



# സർദാന തീർത്ഥാടനവും 92ാമത് പുനരൈക്യ വാർഷിക സംഗമവും.



ഗുഡ്ഗാവ് രൂപതയിലെ പത്താം ക്ലാസ്സ് വിഭാഗത്തിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ നെബ്സ്റായി സെന്റ് മേരീസ് കത്തീഡ്രൽ അംഗമായ അലീന തോമസ്സിന് കുവൈറ്റ് മലങ്കര റെറ്റ് മൂവ്മെന്റ് നൽകുന്ന ക്യാഷ് പ്രൈസും, അവാർഡും, രൂപതാ, വികാർ ജനറൽ റവ □ഫാ. വർഗീസ് വിനയാനന്ത് ഒ. ഐ. സിയും, എം.. സി. എ. സഭാതല മാനേജ്മെന്റ് അംഗം വർഗീസ് മാമ്മനും കൂടി കൈമാറുന്നു. അലീന തോമസ്സിന്റെ പിതാവ് ശ്രീ..ബിജു പി□ . സി□ & മാതാവ് ശ്രീമതി. □സിനി തോമസ്സ്,എം. സി. എ. ഡൽഹി റീജിയണൽ ജനറൽ സെക്രട്ടറി ശ്രീ. ഷാജി ജോൺ, എം സി എ രൂപത ജനറൽ സെക്രട്ടറി ശ്രീ. സാബു സാമവേൽ, എം സി എ ഡൽഹി റീജിയൻ ആത്മീയ ഉപദേഷ്ടവ് റവ ഫാ: അജി തോമസ്സ് താന്നിമൂട്ടിൽ എന്നിവർ സമീപം.

www.malankaralibrary.com

# സർദാന തീർത്ഥാടനവും 92ാമത് പുനരൈക്യ വാർഷിക സംഗമവും.




ഗുഡഗാവ് രൂപത ഡൽഹി റീജിയൻ പുനരൈക്യ സംഗമത്തിന്, ഗുഡഗാവ് രൂപത വികാർ ജനറൽ റവ ഫാ. വർഗീസ് വിനയാനന്ത് ഒ. ഐ. സി നേതൃത്വം നൽകുന്നു

മലങ്കര കാത്തലിക് അസോസിയേഷൻ ഡൽഹി റീജിയന്റെ നേതൃത്വത്തിൽ പുനരൈക്യ സംഗമവും, സർദാന തീർത്ഥാടനവും പ്രസിദ്ധമായ പരിശുദ്ധ മാതാവിന്റെ തീർത്ഥാടന കേന്ദ്രമായ **Basillica of Our Lady of Graces, Sardhana**, ദേവാലയത്തിൽ വെച്ച് നടത്തി. ഡൽഹി റീജിയനിലെ എല്ലാ ദേവാലയങ്ങളിൽ നിന്നും വിശ്വാസികൾ പങ്കെടുത്തു. ഗുഡഗാവ് രൂപത വികാർ ജനറൽ പെരിയ റവ ഫാ. വർഗീസ് വിനയാനന്ത് ഒ. ഐ. സി പുനരൈക്യ സന്ദേശം നൽകി. രൂപതാ, വികാർ ജനറൽ, വെരി. റവ. ഫാ. വർഗീസ് വിനയാനന്ദ് ഒ.ഐ.സി. യുടെ മുഖ്യ കാർമ്മികത്വത്തിലും, ഡൽഹി റീജിയനിലെ വൈദികരുടെ സഹകാർമ്മികത്വത്തിലും വിശുദ്ധ ബലിയർപ്പിച്ചു. തുടർന്ന് നടന്ന ˘സമ്മേളനത്തിന് എം..സി.എ. ഡൽഹി റീജിയണൽ ജനറൽ സെക്രട്ടറി ഷാജി ജോൺ സ്വാഗതവും, ശ്രീ. ജോഷി വി. ഐസ്ക് നന്ദിയുമർപ്പിച്ചു, ഗുഡ്ഗാവ് രുപതയിലെ പത്താം ക്ലാസ്സ് വിഭാഗത്തിൽ ഏറ്റവും കൂടുതൽ മാർക്ക ˘ നേടിയ നെബ്സ്റായി സെന്റ് മേരീസ് കത്തീഡ്രൽ അംഗമായ അലീന തോമസ്സിന് കുവൈറ്റ് മലങ്കര റെറ്റ് മുവ്മെന്റ് നൽകുന്ന അവാർഡ് വികാർ ജനറൽ റവ ഫാ. വർഗീസ് വിനയാനന്ത് ഒ. ഐ.സി, എം..സി. എ. സഭാതല മാനേജ്മെന്റ് അംഗം വർഗീസ് മാമ്മനും കൂടി കൈമാറി. എം..സി.എ. ഡൽഹി റീജിയനിൽ സ്തുതർഹ്യ സേവനം ചെയ്ത എം സി എ. ഡൽഹി റീജിയൻ ആത്മീയ ഉപദേഷ്ടവ് റവ ഫാ: അജി തോമസ്സിന് താന്നിമൂട്ടിലിന˘ യാത്രയപ്പും, പുതിയതായി എം സി എ ഡൽഹി റീജിയൻ ആത്മീയ ഉപദേഷ്ടവയായി കടന്നു വന്ന് റവ ഫാ. ഫെലിക്സ ജോണിന് സ്വാഗതവുമേകി. എം സി എ രുപത ജനറൽ സെക്രട്ടറി സാബു സാമവേൽ, വൈദികരുടെ സേവനങ്ങളെ അനുസ്മരിച്ചു.

www.malankaralibrary.com





www.malankaralibrary.com





**Delhi Region Mathrusangam Day celebration- 5th Oct 2022 at Cathedral Church.#Couples Retreat#Honouring Jubiliants in the presence of Very. Rev. Fr. Varghese Vinayanand OIC, Fr. Philips Chacko, Fr. Vishak Scaria.**

www.malankaralibrary.com






www.malankaralibrary.com







**FARIDABAD**





ഫരീദാബാദ് സെന്റ് മേരീസ് മലങ്കര കത്തോലിക്ക പള്ളിയിൽ നടന്ന ആർച്ച് ബിഷപ് മാർ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് അനുസ്മരണ സമ്മേളനത്തിൽ എംസിഎ എക്സിക്യൂട്ടീവ് അംഗം ജി.ഫിലിപ്സ് പ്രസംഗിക്കുന്നു. തോമസ് ജോസഫ്, ലിജോ ജോർജ്, ഡാനിയൽ, ഫാ. നിജോ കൊല്ലന്റെതേക്കേതിൽ, എംസിഎ പ്രസിഡന്റ് സജി ഉമ്മൻ, രാജു വർഗീസ് എന്നിവർ സമീപം.

**JAIPUR**

പ്രിയപ്പെട്ട പൗലോസ് അച്ചന് യാത്രയയപ്പും, പ്രിയപ്പെട്ട സാബി അച്ചന് ഇടവകയിലേക്ക് സ്വാഗതവും 09-10-22ന്, വിശുദ്ധ കുർബാന ശേഷം നടത്തുകയുണ്ടായി.







# MCYM Delhi Region Kalolsavam





## MCYM Singing competition @ Bhopal






www.malankaralibrary.com






**Kerala Catholic Bishops' Council (KCBC)**
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release
*Ref: 872/KCBC/K-6/KPR/DS*

06.10.2022

# സജീവം - ഉദ്ഘാടനം ഇന്ന്

കൊച്ചി: കേരള കത്തോലിക്കാമെത്രാൻ സമതിയുടെ നേതൃത്വത്തിൽ ഒരു വർഷം നീണ്ടു നില്ക്കുന്ന ലഹരി വിരുദ്ധ ബോധവൽക്കരണ കാമ്പയിന്റെ ഉദ്ഘാടനം 07.10.2022 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് പാലാരിവട്ടം പിഒസിയിൽ നടക്കും. കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ യൂഹന്നാൻ മാർ തെയഡോഷ്യസ് അധ്യക്ഷത വഹിക്കുന്ന യോഗത്തിൽ ഐ.ജി. പി. വിജയൻ ഉദ്ഘാടനം നിർവഹിക്കും. കേരളത്തിലെ 32 കത്തോലിക്കാ രൂപതകളിലെ സോഷ്യൽ സർവീസ് ഫോറങ്ങളും മദ്യവിരുദ്ധ സമിതികളും തുടർപ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കും. മയക്കുമരുന്ന് വ്യാപനം സമൂഹത്തിൽ ഏല്പിക്കുന്ന ആഘാതത്തെ അനുസ്മരിപ്പിച്ചുകൊണ്ടും അതിന്റെ വ്യാപനം തടയുന്നതിനാവശ്യമായ ജാഗ്രതയെകുറിച്ച് ഓർമ്മിപ്പിച്ചുകൊണ്ടും കെസിബിസി പ്രസിഡന്റ് പുറപ്പെടുവിച്ച സർക്കുലറിനെ തുടർന്നാണ് ഒരു വർഷം നീണ്ടു നില്ക്കുന്ന വിവിധ പ്രവർത്തനങ്ങൾക്ക് കാരിത്താസ് ഇന്ത്യയുടെ സഹായത്തോടെ തുടക്കം കുറിക്കുന്നത്. ലഹരിയുടെ വിപണനവും ഉപയോഗവും ഇല്ലാതാക്കുക എന്നത് സമൂഹത്തിന്റെ സുസ്ഥിരമായ നിലനില്പിന് അത്യന്താപേക്ഷിതമാണ്.

ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ/ഔദ്യോഗിക വക്താവ്, കെസിബിസി
ഡയറക്ടർ, പിഒസി.



മലങ്കര കാത്തലിക് അസോസിയേഷൻ ഡൽഹി റീജന്റെ നേതൃത്വത്തിൽ നടന്ന പുനരൈക്യ സംഗമത്തിനു ഗുരുഗ്രാം രൂപത വികാരി ജനറൽ ഫാ.വർഗീസ് വിനയാനന്ദ് നേതൃത്വം നൽകുന്നു.

# പുനരൈക്യ സംഗമവും സർദാന തീർഥാടനവും

ന്യൂഡൽഹി ● മലങ്കര കാത്തലിക് അസോസിയേഷൻ ഡൽഹി റീജന്റെ നേതൃത്വത്തിൽ പുനരൈക്യ സംഗമവും സർദാന തീർഥാടനവും നടത്തി.

സർദാനയിലെ മരിയൻ ബസലിക്കയിലേക്കു നടന്ന തീർഥാടനത്തിൽ ഗുരുഗ്രാം രൂപത വികാരി ജനറൽ ഫാ.വർഗീസ് വിനയാനന്ദ് സന്ദേശം നൽകി. ഡൽഹി റീജനിലെ വൈദികരുടെ നേതൃത്വത്തിൽ കുർബാനയർപ്പിച്ചു. തുടർന്നു നടന്ന സമ്മേളനത്തിൽ എംസിഎ ഡൽഹി റീജൻ ജനറൽ സെക്രട്ടറി ഷാജി ജോൺ, ജോഷി വി.ഐസക് എന്നിവർ പ്രസംഗിച്ചു.

രൂപതയിൽ നിന്നു 10-ാം ക്ലാസിൽ ഏറ്റവും ഉയർന്ന മാർക്കു നേടിയ നെബ്സരായ് സെന്റ് മേരീസ് കത്തീഡ്രലിലെ അംഗമായ അലീന തോമസിനു കുവൈത്ത് മലങ്കര റെറ്റ് മൂവ്മെന്റ് നൽകുന്ന മാർ സിറിൽ ബസേലിയോസ് കാതോലിക്കോസ് വിദ്യാശ്രീ പുരസ്കാരം ഫാ.വർഗീസ് വിനയാനന്ദ്, എംസിഎ സഭാതല മാനേജ്മെന്റ് അംഗം വർഗീസ് മാമ്മൻ എന്നിവർ ചേർന്നു സമ്മാനിച്ചു.

എംസിഎ ആത്മീയ ഉപദേഷ്ടാവ് സ്ഥാനമൊഴിഞ്ഞ ഫാ.അജി തോമസ് താന്നിമൂട്ടിലിന് യാത്രയയപ്പു നൽകി. ചുമതലയേറ്റ ഫാ. ഫെലിക്സ് ജോണിനു സ്വാഗതം ചെയ്തു.

# ബെനഡിക്റ്റ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ ഓർമ തിരുനാൾ: ശാന്തിയാത്ര നടത്തി

**ശാന്തിയാത്രയിൽ നൂറുകണക്കിനു വിശ്വാസികൾ പങ്കെടുത്തു.**




ഭാഗ്യസ്മരണാർഹനായ ബെനഡിക്റ്റ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ 28-ാമത് ഓർമ തിരുനാളിനോടനുബന്ധിച്ച് ഇന്നലെ നാലാഞ്ചിറ വിദ്യാനഗർ ചാപ്പലിൽ നിന്നും പട്ടം സെന്റ് മേരീസ് കത്തീഡ്രലിലെ കബറിങ്കലേക്ക് നടന്ന ശാന്തിയാത്രയിൽ ബിഷപ്പുമാരായ ആന്റണി മാർ സിൽവാനോസ്, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, മോൺ. ഡോ. വർക്കി ആറ്റുപുറത്ത് തുടങ്ങിയവർ മുൻ നിരയിൽ.

**തിരുവനന്തപുരം:** ഭാഗ്യസ്മരണാർഹനായ ബെനഡിക്റ്റ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ 28-ാമത് ഓർമ തിരുനാളിനോടനുബന്ധിച്ച് നടന്ന ശാന്തിയാത്രയിൽ നൂറുകണക്കിനു വിശ്വാസികൾ പങ്കെടുത്തു.

നാലാഞ്ചിറ വിദ്യാനഗർ ചാപ്പലിൽ നിന്നും ഇന്നലെ വൈകുന്നേരം അഞ്ചിന് ആരംഭിച്ച പദയാത്ര 6.30ഓടെ പട്ടം സെന്റ് മേരീസ് കത്തീഡ്രലിലെ ബെനഡിക്റ്റ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ കബറിടത്തിലേക്ക് എത്തിച്ചേർന്നു.

മലങ്കര കാത്തലിക് അസോസിയേഷൻ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ നേതൃത്വത്തിലാണ് ശാന്തിയാത്ര നടത്തിയത്. തുടർന്ന് പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ നടന്ന ധൂപ പ്രാർഥനയ്ക്കും അനുബന്ധ ശുശ്രൂഷകൾക്കും മലങ്കര കത്തോലിക്കാ സഭ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ മുഖ്യകാർമികനായിരുന്നു.

www.malankaralibrary.com

# സർദാന തീർഥാടനവും പുനരൈക്യവാർഷികവും




ഗുരുഗ്രാം രൂപത ഡൽഹി റീജന്റെ പുനരൈക്യസംഗമത്തിൽനിന്ന്

**ന്യൂഡൽഹി ▸** മലങ്കര കാത്തലിക് അസോസിയേഷൻ ഡൽഹി റീജന്റെ നേതൃത്വത്തിൽ പുനരൈക്യസംഗമവും സർദാന തീർഥാടനവും സർദാന ബസിലിക്കാ ദേവാലയത്തിൽ നടന്നു.

ഗുരുഗ്രാം രൂപതാ വികാർ ജനറൽ പെരിയ വർഗീസ് വിനയാനന്ത് ഒ.ഐ.സി. പുനരൈക്യസന്ദേശം നൽകി. ഫാ. വർഗീസ് വിനയാനന്ദിന്റെ മുഖ്യ കാർമികത്വത്തിൽ വിശുദ്ധബലിയർപ്പിച്ചു.

തുടർന്ന് നടന്ന സമ്മേളനത്തിൽ ഷാജി ജോൺ, ജോഷി വി. ഐസക് തുടങ്ങിയവർ സംസാരിച്ചു.

# ബെനഡിക്റ്റ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ ഓർമ തിരുനാൾ: ശാന്തിയാത്ര നടത്തി

**ശാന്തിയാത്രയിൽ നൂറുകണക്കിനു വിശ്വാസികൾ പങ്കെടുത്തു.**




ഭാഗ്യസ്മരണാർഹനായ ബെനഡിക്റ്റ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ 28-ാമത് ഓർമ തിരുനാളിനോടനുബന്ധിച്ച് ഇന്നലെ നാലാഞ്ചിറ വിദ്യാനഗർ ചാപ്പലിൽ നിന്നും പട്ടം സെന്റ് മേരീസ് കത്തീഡ്രലിലെ കബറിങ്കലേക്ക് നടന്ന ശാന്തിയാത്രയിൽ ബിഷപ്പുമാരായ ആന്റണി മാർ സിൽവാനോസ്, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, മോൺ. ഡോ. വർക്കി ആറ്റുപുറത്ത് തുടങ്ങിയവർ മുൻ നിരയിൽ.

**തിരുവനന്തപുരം:** ഭാഗ്യസ്മരണാർഹനായ ബെനഡിക്റ്റ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ 28-ാമത് ഓർമ തിരുനാളിനോടനുബന്ധിച്ച് നടന്ന ശാന്തിയാത്രയിൽ നൂറുകണക്കിനു വിശ്വാസികൾ പങ്കെടുത്തു.

നാലാഞ്ചിറ വിദ്യാനഗർ ചാപ്പലിൽ നിന്നും ഇന്നലെ വൈകുന്നേരം അഞ്ചിന് ആരംഭിച്ച പദയാത്ര 6.30ഓടെ പട്ടം സെന്റ് മേരീസ് കത്തീഡ്രലിലെ ബെനഡിക്റ്റ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ കബറിടത്തിലേക്ക് എത്തിച്ചേർന്നു.

മലങ്കര കാത്തലിക് അസോസിയേഷൻ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ നേതൃത്വത്തിലാണ് ശാന്തിയാത്ര നടത്തിയത്. തുടർന്ന് പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ നടന്ന ധൂപ പ്രാർഥനയ്ക്കും അനുബന്ധ ശുശ്രൂഷകൾക്കും മലങ്കര കത്തോലിക്കാ സഭ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ മുഖ്യകാർമികനായിരുന്നു.

www.malankaralibrary.com




ലഹരിവ്യാപനത്തിനെതിരേ കെസിബിസി നടപ്പിലാക്കുന്ന 'സജീവം' കാമ്പയിനു മുന്നോടിയായുള്ള ഏകദിന ശിൽപശാല ഐജി പി. വിജയൻ ഉദ്ഘാടനം ചെയ്യുന്നു. ഫാ. ജേക്കബ് മാവുങ്കൽ, ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി, ഫാ. പോൾ മൂഞ്ഞേലി, ബിഷപ് യൂഹാനോൻ മാർ തെയഡോഷ്യസ്, ഡയാന ജോസഫ്, ഫാ. ജോളി പുത്തൻപുര, ഫാ. ജോൺ അരീക്കൽ എന്നിവർ സമീപം.

# ലഹരിക്കെതിരേ കെസിബിസിയുടെ 'സജീവം' കാമ്പയിനു തുടക്കം

## ലഹരിമുക്ത കേരളത്തിനായി ഒന്നിച്ചു പ്രവർത്തിക്കണമെന്ന് ഐജി പി. വിജയൻ

**കൊച്ചി:** ലഹരിമുക്ത കേരളം എന്ന ലക്ഷ്യത്തിനായി കേരളത്തിൽ ഏറ്റവും ജനസ്വാധീനമുള്ള പ്രസ്ഥാനങ്ങളെന്ന നിലയിൽ മതവിഭാഗങ്ങളും രാഷ്ട്രീയ പാർട്ടികളും ഒന്നുചേർന്നു പ്രവർത്തിക്കണമെന്നു ഐജി പി.വിജയൻ. ലഹരി മയക്കുമരുന്ന് വ്യാപനത്തിനെതിരേ കെസിബിസി നടപ്പിലാക്കുന്ന 'സജീവം' കാമ്പയിനു മുന്നോടിയായുള്ള ഏകദിന ശിൽപ്പശാല എറണാകുളം പിഒസിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ലഹരിയുടെ ഉറവിടങ്ങൾ ഇല്ലാതാക്കുകയാണ് അനിവാര്യമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ ചെയർമാൻ ബിഷപ് യൂഹാനോൻ മാർ തെയഡോഷ്യസ് പറഞ്ഞു. മദ്യശാലകൾ പെരുകുന്ന സാഹചര്യം ലഹരിമുക്ത കേരളം എന്ന ലക്ഷ്യത്തിനു തടസമാണെന്നും അദ്ദേഹം ഓർമിപ്പിച്ചു.

ഫോർത്ത് വേവ് ഫൗണ്ടേഷൻ പ്രോജക്ട് ഡയറക്ടർ ഡയാന ജോസഫ് ക്ലാസ് നയിച്ചു. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി, കാരിത്താസ് ഇന്ത്യ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. പോൾ മൂഞ്ഞേലി, അസി. എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോളി പുത്തൻപുര, ഫാ. റൊമാൻസ് ആന്റണി, കേരള സോഷ്യൽ സർവീസ് ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ, കെസിബിസി മദ്യവിരുദ്ധ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി ഫാ. ജോൺ അരീക്കൽ എന്നിവർ പ്രസംഗിച്ചു.

തുടർന്നു നടന്ന ചർച്ചയിൽ പ്രായോഗികമായ കർമപരിപാടികളോടെ ലഹരിക്കെതിരേ ഊർജിത ബോധവത്കരണ-പ്രതിരോധ പരിപാടികൾ സംഘടിപ്പിക്കാൻ തീരുമാനിച്ചു. ഇതിനായി കാരിത്താസ് ഇന്ത്യയുമായി ചേർന്ന് കെസിബിസിയുടെ സോഷ്യൽ സർവീസ്, മദ്യവിരുദ്ധ സമിതി, യുവജന, വിദ്യാഭ്യാസ, ജാഗ്രതാ കമ്മീഷനുകൾ ചേർന്ന് പ്രവർത്തിക്കും. കേരളത്തിലെ 32 കത്തോലിക്കാ രൂപതകളിലെ ഡയറക്ടർമാരും നേതാക്കളും ശില്പശാലയിൽ പങ്കെടുത്തു.

www.malankaralibrary.com



കൈനകരി അപ്പച്ചൻ രചിച്ച 'മേരി വിലാപം' രണ്ടാം പതിപ്പ് പ്രകാശന കർമം സീറോ മലങ്കര മേജർ ആർച്ച്ബിഷപ് കർദിനാൾ ബസേലിയോസ് മാർ ക്ലിമിസ് ജോസഫ് കെ. നെല്ലുവേലിക്ക് നൽകി നിർവഹിക്കുന്നു.

## കാവ്യരചനയിലൂടെയും ക്രൈസ്തവ സാക്ഷ്യം നടത്താം: കർദിനാൾ ക്ലീമിസ്

**കുട്ടനാട്:** വിശ്വാസ സാക്ഷ്യം കാവ്യരചനയിലൂടെയും നിർവഹിക്കാമെന്ന് സീറോ മലങ്കര സഭയുടെ മേജർ ആർച്ച്ബിഷപ് കർദിനാൾ ബസേലിയോസ് മാർ ക്ലീമിസ് അഭിപ്രായപ്പെട്ടു. ബൈബിളിനെ ആസ്പദമാക്കി രചിക്കപ്പെട്ട അസംഖ്യം സാഹിത്യകൃതികൾ എല്ലാ ഭാഷകളിലുമുണ്ട്. നിർഭാഗ്യവശാൽ മലയാള സാഹിത്യത്തിൽ ആ ഗണത്തിൽപ്പെടുത്താവുന്ന കൃതികൾ താരതമ്യേന കുറവാണ്.

കന്യകാമറിയത്തിന്റെ നൊമ്പരങ്ങൾ പ്രതിപാദിക്കുന്ന കൈനകരി അപ്പച്ചന്റെ 'മേരി വിലാപം' എന്ന ഖണ്ഡ കാവ്യത്തിന്റെ രണ്ടാം പ്രതിപ്പ് പ്രകാശനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഗ്രന്ഥം ജോസഫ് കെ. നെല്ലുവേലി ഏറ്റുവാങ്ങി. ജോപ്പൻ വെള്ളൂർ, കവി കൈനകരി അപ്പച്ചൻ തുടങ്ങിയവർ പ്രസംഗിച്ചു.

Deepika 8

# മാധ്യമങ്ങളെ വിവേചനത്തോടെ തിരിച്ചറിയാൻ അധ്യാപകർക്കാകണം: മാർ ഐറേനിയോസ്

**പത്തനംതിട്ട:** മൂല്യങ്ങൾ സംരക്ഷിക്കുന്നതിൽ അധ്യാപകർക്ക് നിർണായക പങ്കുണ്ടെന്ന് പത്തനംതിട്ട രൂപതാധ്യക്ഷൻ ഡോ. സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത. കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന വെബിനാർ സീരീസ് 10 സൂം മീറ്റ് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ക്രൈസ്തവ പാരമ്പര്യത്തിൽ ഉറച്ച മാധ്യമസംസ്കാരം നമുക്കുണ്ട്. അതു നിലനിർത്താൻ അധ്യാപകർ ജാഗ്രത കാട്ടണമെന്ന് മാർ ഐറേനിയോസ് ഉദ്ബോധിപ്പിച്ചു. മാധ്യമ പ്രവർത്തന മേഖലകളിൽ ഒളിഞ്ഞിരിക്കുന്ന കാപട്യത്തെ തിരിച്ചറിയാൻ അധ്യാപകർ ശ്രദ്ധിക്കണമെന്നും അദ്ദേഹം പറഞ്ഞു.

പത്തനംതിട്ട രൂപത പ്രസിഡന്റ് പി.എം. ബിജു അധ്യക്ഷത വഹിച്ചു. ദേശീയ ചലച്ചിത്ര അവാർഡ് ജേതാവ് സി. ശിവപ്രസാദ് പ്രഭാഷണം നടത്തി. സംസ്ഥാന ഡയറക്ടർ ഫാ. ആന്റണി അറയ്ക്കൽ മോഡറേറ്ററായിരുന്നു. പത്തനംതിട്ട രൂപത കോർപറേറ്റ് മാനേജർ ഫാ. വർഗീസ് മാത്യു കാലായിവടക്കേതിൽ, സംസ്ഥാന പ്രസിഡന്റ് ബിജു ഓലാട്ടുപുറം, ജനറൽ സെക്രട്ടറി സി.ടി. വർഗീസ്, ട്രഷറർ മാത്യു ജോസഫ്, വൈസ് പ്രസിഡന്റ് സിന്നി ജോർജ്, സുനി വർഗീസ്, ജിമ്മിലൈറ്റ് ജോയ്സ്, ജയ്സി തോമസ് എന്നിവർ പ്രസംഗിച്ചു.

Deepika 15

www.malankaralibrary.com

# നവീകൃതമായ സഭാസമൂഹത്തിനായി കൂട്ടായി യത്നിക്കണം: സാമുവേൽ മാർ ഐറേനിയോസ്

**ചങ്ങനാശേരി:** നവീകൃതമായ സഭാസമൂഹത്തിനായി നാം കൂട്ടായി യത്നിക്കണമെന്നും വിശ്വാസത്തിനു വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ നാം ഒരുമിച്ച് നിൽക്കണമെന്നും പത്തനംതിട്ട മലങ്കര രൂപത മെത്രാൻ സാമുവേൽ മാർ ഐറേനിയോസ്. സഭാ നവീകരണ വർഷത്തോടനുബന്ധിച്ച് ദേശത്തിനും കുടുംബത്തിനുംവേണ്ടി ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ കബറിടപ്പള്ളിയിൽ നടന്നുവരുന്ന നാൽപതു ദിനരാത്ര അഖണ്ഡപ്രാർഥനായജ്ഞത്തിന്റെ ഏഴാം ദിവസത്തിൽ നടന്ന കരുണാർഥന പ്രാർഥനായജ്ഞ കൺവൻഷനിൽ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

ഫാ. ഷാജി തുമ്പേച്ചിറയിൽ വചനപ്രഘോഷണം നടത്തി. രാത്രിയും പകലുമായി മുഴുവൻ സമയവും യാമപ്രാർഥനകൾ, പരസ്യ ആരാധന, ജപമാല, പ്രശസ്തരായ വചനപ്രഘോഷകരുടെ പ്രഭാഷണങ്ങൾ എന്നിവ നാൽപതു ദിവസവും ക്രമീകരിച്ചിട്ടുണ്ട്. നൂറുകണക്കിനു വിശ്വാസികളാണ് രാപകൽ പ്രാർഥനായജ്ഞത്തിൽ പങ്കെടുക്കുന്നത്. നവംബർ 20ന് പ്രാർത്ഥനയജ്ഞം സമാപിക്കും.

കത്തീഡ്രൽ വികാരി റവ. ഡോ. ജോസ് കൊച്ചുപറമ്പിലാണ് ഈ കരുണാർഥന പ്രാർഥനായജ്ഞത്തിനു മുഖ്യനേതൃത്വം നൽകുന്നത്. ഇന്ന് വൈകുന്നേരം ആറിന് ഫാ. ജോസഫ് വെമ്പാല എംസിബിഎസ് വചനപ്രഘോഷണം നടത്തും.



ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ കബറിടപ്പള്ളിയിൽ നടന്നുവരുന്ന നാല്പതുദിന കരുണാർഥന അഖണ്ഡപ്രാർഥനാ യജ്ഞ കൺവൻഷനിൽ പത്തനംതിട്ട മലങ്കര രൂപത മെത്രാൻ സാമുവൽ മാർ ഐറേനിയോസ് സന്ദേശം നൽകുന്നു.

# മത്സ്യത്തൊഴിലാളികളോടു കാട്ടുന്നത് ക്രൂരത: ബിഷപ് സാമുവേൽ മാർ ഐറേനിയോസ്

**പത്തനംതിട്ട:** മഹാപ്രളയകാലത്ത് മറ്റുള്ളവർക്കുവേണ്ടി സ്വന്തം ജീവൻ പണയപ്പെടുത്തി പ്രവർത്തിച്ച മത്സ്യത്തൊഴിലാളികളുടെ നിലനില്പുതന്നെ ചോദ്യം ചെയ്യപ്പെടുമ്പോൾ അതു കണ്ടില്ലെന്ന് നടിക്കുന്നത് ക്രൂരതയാണെന്ന് ഡോ. സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത. വിഴിഞ്ഞം മത്സ്യത്തൊഴിലാളി സമരത്തെ പിന്തുണച്ച് ഐക്യദാർഢ്യ സമിതിയുടെ നേതൃത്വത്തിൽ നടന്ന പത്തനംതിട്ട കളക്ടറേറ്റിലേക്കു നടന്ന മാർച്ച് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

പ്രളയകാലത്തു കേരളത്തിന്റെ സൈന്യം എന്നു പറഞ്ഞ് അവരെ വാഴ്ത്തിപ്പാടിയിട്ട് അവർക്കൊരു പ്രശ്നമുണ്ടായപ്പോൾ മുഖം തിരിഞ്ഞു നിൽക്കുന്നത് അധാർമികമാണെന്നും അദ്ദേഹം പറഞ്ഞു.

പ്രശ്നപരിഹാരത്തിനു വഴി തുറക്കാത്തത് അധികാരികളുടെ നിഷേധാത്മകമായ സമീപനം കൊണ്ടാണെന്നും മനഃസാക്ഷിയുള്ള മുഴുവൻ ആളുകളും അവർക്കു പിന്നിൽ അണിനിരക്കുമെന്നും മെത്രാപ്പോലീത്ത പറഞ്ഞു.

ഐക്യദാർഢ്യസമിതി ചെയർമാൻ ജോസഫ് എം. പുതുശേരി അധ്യക്ഷത വഹിച്ചു. മാർത്തോമ്മ സഭ ഭദ്രാസന സെക്രട്ടറി റവ. രാജു പി. ജോർജ് , ഫാ. ജോഷി പുതുപ്പറമ്പിൽ, ഫാ. എം. ഫ്രാൻസിസ്, ഐക്യദാർഢ്യ സമിതി കൺവീനർ പി.പി. ജോൺ, ജോസഫ് പുനലൂർ, അജികുമാർ കറ്റാനം, എസ്. രാധാമണി, ഗോപാലകൃഷ്ണൻ മേലുട്, ബാബു വർഗീസ്, സി.പി. ജോൺ, ബിജോയി ഡേവിഡ്, സി. ഫ്രാൻസിസ്, തോമസ് എബ്രഹാം, ബിനു ബേബി, ക്രിസ്റ്റഫർ പത്തനാപുരം, എം.എ. ജോസഫ് എന്നിവർ പ്രസംഗിച്ചു.



വിഴിഞ്ഞം മത്സ്യത്തൊഴിലാളി സമരത്തെ പിന്തുണച്ച് ഐക്യദാർഢ്യ സമിതിയുടെ നേതൃത്വത്തിൽ നടന്ന കളക്ടറേറ്റ് മാർച്ച് പത്തനംതിട്ട രൂപതാധ്യക്ഷൻ ഡോ. സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു.

www.malankaralibrary.com

# ബനഡിക്ട് മാർ ഗ്രീഗോറിയോസ് അനുസ്മരണം

**പന്തളം:** മലങ്കര കത്തോലിക്കാ സഭ തിരുവനന്തപുരം അതിരൂപതാധ്യക്ഷനായിരുന്ന ആർച്ച് ബിഷപ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തയുടെ അനുസ്മരണം മലങ്കര കാത്തലിക് അസോസിയേഷൻ മാവേലിക്കര രൂപതയുടെ ആഭിമുഖ്യത്തിൽ ഇന്നു പന്തളം പൂഴിക്കാട് സെന്റ് സ്റ്റീഫൻസ് ദേവാലയത്തിൽ നടക്കും. ഉച്ചകഴിഞ്ഞ് 2.30ന് രൂപത വികാരി ജനറാൾ മോൺ. പുത്തൻവീട്ടിൽ യൂഹാനോൻ റമ്പാൻ ഉദ്ഘാടനം ചെയ്യും. പീറ്റർ സി. ഏബ്രഹാം ക്ലാസ് നയിക്കും.

23.10.22

# വാഴ്ത്തപ്പെട്ട കാർലോ അക്വിറ്റസിന്റെ തിരുശേഷിപ്പ് പ്രതിഷ്ഠ നാളെ

**മേക്കൊഴൂർ**: 2020 ഒക്ടോബർ പത്തിന് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തിയ കാർലോ അക്വിറ്റസിന്റെ തിരുശേഷിപ്പ് മേക്കൊഴൂർ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്ക ദേവാലയത്തിൽ നാളെ വൈകുന്നേരം അഞ്ചിന് പത്തനംതിട്ട രൂപതാധ്യക്ഷൻ ഡോ. സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത പ്രതിഷ്ഠിക്കും.

തിരുശേഷിപ്പ് പ്രയാണം പത്തനംതിട്ട സെന്റ് പീറ്റേഴ്സ് കത്തീഡ്രലിൽ രൂപതാധ്യക്ഷൻ ഉദ്ഘാടനം ചെയ്തു വിവിധ ദേവാലയങ്ങളിലൂടെ പ്രയാണം നടത്തി വരികയാണ്.

നാളെ രാവിലെ 8.30ന് വടശേരിക്കര ദേവാലയത്തിൽനിന്നാണ് പ്രയാണം. വൈകുന്നേരം നാലിന് കടമ്മനിട്ടയിലും അവിടെനിന്ന് അഞ്ചിന് മേക്കൊഴൂരിലും എത്തും.

സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തയുടെ കാർമികത്വത്തിൽ ദിവ്യബലിയും തുടർന്ന് പ്രതിഷ്ഠാ ശുശ്രൂഷയും നടക്കും. വികാരി ജനറാൾ മോൺ ഡോ. ഷാജി മാണികുളം, വൈദികജില്ലാ വികാരി ഫാ. ജോസഫ് കുരുമ്പിലേത്ത്, വികാരി ഫാ. വർഗീസ് കാലായിൽ വടക്കേതിൽ, ജോർജ് യോഹന്നാൻ, ഫിലിപ്പ് സി. സാമുവേൽ എന്നിവർ നേതൃത്വം നൽകും.

www.malankaralibrary.com



കേരളസഭാ നവീകരണ വർഷാചരണത്തിന്റെ ഭാഗമായുള്ള വിമല ഹൃദയ പ്രതിഷ്ഠയിൽ കെസിബിസി പ്രസിഡന്റ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി, ആർച്ച്ബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ, ബിഷപ് സാമുവൽ മാർ ഐറേനിയൂസ് എന്നിവർ ചേർന്നു ദീപം തെളിക്കുന്നു. ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി സമീപം.

# കേരളസഭാ നവീകരണം: വിമലഹൃദയ പ്രതിഷ്ഠ നടത്തി

**കൊച്ചി:** കെസിബിസിയുടെ ആഭിമുഖ്യത്തിൽ കേരളസഭാ നവീകരണ വർഷാചരണത്തിന്റെ ഭാഗമായുള്ള വിമല ഹൃദയ പ്രതിഷ്ഠ പാലാരിവട്ടം പിഒസിയിൽ ഇന്നലെ നടത്തി. കോഴിക്കോട്, കൊടുങ്ങല്ലൂർ, തിരുവനന്തപുരം എന്നിവിടങ്ങളിൽനിന്നുള്ള ദീപശിഖകൾക്കു സ്വീകരണം നൽകി. കേരള സഭാനവീകരണം ചെയർമാൻ ബിഷപ് സാമുവൽ മാർ ഐറേനിയൂസ് ദീപശിഖ ക്യാപ്റ്റന്മാരെ ആദരിച്ചു.

ആഘോഷമായ പൊന്തിഫിക്കൽ ദിവ്യബലിയിൽ ആർച്ച്ബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ മുഖ്യകാർമികത്വം വഹിച്ചു. കെസിബിസി പ്രസിഡന്റ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി വചനസന്ദേശം നൽകി. ബിഷപ് മാർ ഐറേനിയോസ്, കെസിബിസി ഡപ്യൂട്ടി സെക്രട്ടറി ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി തുടങ്ങിയവർ സഹകാർമികരായി. വിമലഹൃദയ പ്രതിഷ്ഠാ പ്രാർഥനയ്ക്കു കർദിനാൾ നേതൃത്വം നൽകി. പ്രോഗ്രാം കോ ഓർഡിനേറ്റർ റവ.ഡോ. സ്റ്റാൻലി മാതിരപ്പിള്ളി നന്ദി പറഞ്ഞു.

31.10.22

## FROM SANCTA SEDES

## ലോകമെമ്പാടുമുള്ള മിഷണറിമാർക്കുവേണ്ടി നാം പ്രാർത്ഥിക്കണം; മിഷൻ ഞായറിന് മുന്നോടിയായി പാപ്പയുടെ ആഹ്വാനം

October 21, 2022




വത്തിക്കാൻ സിറ്റി: ആഗോള കത്തോലിക്കാ സഭ മിഷൻ ഞായറിന് ഒരുങ്ങുന്ന പശ്ചാത്തലത്തിൽ, ലോകമെമ്പാടുമുള്ള മിഷണറിമാർക്കായി പ്രാർത്ഥിക്കാൻ വിശ്വാസീസമൂഹത്തോട് ആഹ്വാനം ചെയ്ത് ഫ്രാൻസിസ് പാപ്പ. സ്വജീവിതത്തിലൂടെ സുവിശേഷ ദൗത്യവുമായി ബന്ധപ്പെട്ട സ്നേഹത്തിന്റെ ചരിത്രം രചിക്കുന്നവർക്കായി പ്രാർത്ഥിക്കണമെന്നായിരുന്നു പാപ്പയുടെ ആഹ്വാനം. കഴിഞ്ഞ ദിവസത്തെ പൊതുസന്ദർശനത്തിന്റെ സമാപനത്തിൽ നടത്തിയ ആഹ്വാനം പിന്നീട് ട്വിറ്ററിൽ കുറിക്കുകയും ചെയ്തു പാപ്പ.

'ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് അയക്കപ്പെട്ട, തങ്ങളുടെ ജീവിതംകൊണ്ട്, സുവിശേഷ ശുശ്രൂഷയിൽ സ്നേഹത്തിന്റെ സ്നേഹഗാഥ രചിക്കുന്ന മിഷണറിമാർക്കായി നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം,' ഒരുമിച്ച് പ്രാർത്ഥിക്കാം (PrayTogether), ഒക്ടോബർ മിഷണറി (OctoberMissionary) എന്നീ ഹാഷ്ടാഗുകളോടെ പാപ്പ ട്വിറ്ററിൽ കുറിച്ചു. അറബി, ലത്തീൻ, ജർമൻ, ഇറ്റാലിയൻ, ഇംഗ്ലീഷ്, സ്പാനിഷ്, പോളിഷ്, പോർച്ചുഗീസ്, ഫ്രഞ്ച് എന്നിങ്ങനെ ഒൻപത് ഭാഷകളിലായി നാല് കോടിയിൽപ്പരം ഫോളോവേഴ്സാണ് പാപ്പയ്ക്ക് ട്വിറ്ററിലുള്ളത്.

ഒക്ടോബർ മാസത്തിലെ അവസാന ഞായറിനു തൊട്ടുമുമ്പുള്ള ഞായറാണ് ആഗോള സഭ മിഷൻ ദിനം ആചരിക്കുന്നത്. അതുപ്രകാരം ഈ വർഷം ഒക്ടോബർ 23നാണ് മിഷൻ ഞായർ. മിഷണറിമാരുടെ മധ്യസ്ഥയായ ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുനാളോടെ (ഒക്ടോ. ഒന്ന്) ആരംഭിക്കുന്ന ഒക്ടോബർ മാസത്തിലെ സുപ്രധാന ദിനമാണ് മിഷൻ ഞായർ.

1926ൽ പയസ് 11-ാമൻ പാപ്പയാണ് ആഗോള മിഷൻ ഞായർ ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചത്. കത്തോലിക്കാ സഭയിൽ മിഷൻ ചൈതന്യം ഉണർത്തി, ലോകമെമ്പാടുമുള്ള സുവിശേഷവൽക്കരണ പ്രവർത്തനങ്ങളെ ആത്മീയമായും സാമ്പത്തികമായും സഹായിക്കുകയാണ് മിഷൻ ഞായർ ദിനാചരണത്തിന്റെ ലക്ഷ്യം. 'നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കും,' (അപ്പ. പ്രവ. 1:8) എന്ന തിരുവചനമാണ് ഇത്തവണത്തെ ആപ്തവാക്യം

# നവംബറിൽ മാർപാപ്പയുടെ പ്രാർത്ഥന സഹനമനുഭവിക്കുന്ന കുഞ്ഞുങ്ങൾക്കുവേണ്ടി




Sathyadeepam

1 Nov, 2022, 8:25 pm

നവംബറിൽ ഫ്രാൻസിസ് മാർപാപ്പയുടെ പ്രതിമാസ പ്രാർത്ഥനാ നിയോഗം സഹനമനുഭവിക്കുന്ന കുഞ്ഞുങ്ങൾക്കു വേണ്ടി. യുദ്ധങ്ങളുടെ ഇരകളും അനാഥരുമായ കുട്ടികൾക്കു വേണ്ടി ഈ മാസം പ്രാർത്ഥിക്കണമെന്നു മാർപാപ്പ ആവശ്യപ്പെട്ടു. അടിമത്തത്തിനു സമാനമായ സാഹചര്യങ്ങളിൽ ദശലക്ഷകണക്കിനു കുട്ടികൾ ഇപ്പോഴും കഴിയുന്നുണ്ടെന്നു പ്രാർത്ഥനാനിയോഗമറിയിച്ചുകൊണ്ടുള്ള വീഡിയോ സന്ദേശത്തിൽ മാർപാപ്പ ചൂണ്ടിക്കാട്ടി. അവർ വെറും സംഖ്യകളല്ല. സ്വന്തമായ പേരുകളും മുഖവുമുള്ള മനുഷ്യവ്യക്തികളാണ്. ദൈവം നൽകിയ തനിമ അവർക്കുണ്ട്. കുടുംബത്താൽ ഉപേക്ഷിക്കപ്പെട്ട, വിദ്യാഭ്യാസമോ ആരോഗ്യപരിചരണമോ ഇല്ലാത്ത ഓരോ കുഞ്ഞും ഒരു വിലാപമാണ്. ദൈവത്തിങ്കലേയ്ക്ക് ഉയരുന്നതും മുതിർന്നവരായ നാം പടുത്തുയർത്തിയിരിക്കുന്ന ഈ സംവിധാനത്തെ ലജ്ജിപ്പിക്കുന്നതുമാണ്. ഉപേക്ഷിക്കപ്പെട്ട ഓരോ കുഞ്ഞും നമ്മുടെ തെറ്റാണ് - മാർപാപ്പ വിശദീകരിച്ചു.

# OBITUARY



തിരുമൂലപുരം ബഥനി മഠാംഗമായ സിസ്റ്റർ ലിയോ എസ് ഐ സി (88) കർത്താവിങ്കൽ യാത്രയായി... പത്തനംതിട്ട രൂപതയിൽ വയലത്തല മണ്ണിൽ പരേതരായ കുഞ്ഞാണ്ടി ഏലിയാമ്മ ദമ്പത്തികളുടെ മകളാണ് ബഹുമാനപ്പെട്ട സിസ്റ്റർ.

17.10.22




**Rev. Fr. Antony Thiruthuvanilayam, Marthandom Diocese**

1.11.22



Smt. Aleyamma Philipose (87 Years) Mother of Shri Philipose Geevarghese, Munirka , Delhi
8.10.22





## സ്വാമി ജോസഫ് വാഴയിൽ (85)
## കുരിശുമല ആശ്രമം, വാഗമൺ

ാഗമൺ കുരിശുമല ആശ്രമാംഗമായ സ്വാമി ജോസഫ് വാഴയിൽ (85
ർത്താവിൽ നിദ്രപ്രാപിച്ച വിവരം അറിയിച്ചുകൊള്ളുന്നു. പരേത
വള്ളികുളം വാഴയിൽ അബ്രാഹത്തിന്റെയും ഏലിയാമ്മയുടെയു
കനാണ്. ജോസഫ്, തോമസ്, ജേക്കബ് എന്നിവർ സഹോദരന്മാരു
മ്മി, ലീലാമ്മ, കുട്ടിയമ്മ, ത്രേസ്യാക്കുട്ടി, ലില്ലി, അച്ചാമ്മ, മോളി എന്നിവ
സഹോദരിമാരുമാണ്. മൃതസംസ്കാരശുശ്രൂഷകൾ ഇന്ന് (31-10-2022
ിങ്കൾ) രാവിലെ 10 മണിക്ക് ആശ്രമദേവാലയത്തിൽ വച്ച് തിരുവല്ല
രതിരൂപതാ ചാൻസലർ ബഹു. ചെറിയാൻ കോട്ടയിൽ അച്ചന്റെ
മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെടുന്നതും ആശ്രമ സെമിത്തേരിയിൽ
മൃതദേഹം സംസ്കരിക്കപ്പെടുന്നതുമാണ്. ബന്ധുമിത്രാദികൾ
ഇതൊരറിയിപ്പായി സ്വീകരിക്കാൻ അപേക്ഷിക്കുന്നു.

എന്ന്, ഫാ. സേവ്യാനന്ദ് എണ്ണുമ്പ്രയിൽ (ആബട്ട്

## WORD OF THE MONTH

“*Blessed are the merciful, for they will receive mercy.” (Mt 5:7)*

In Matthew’s Gospel, the Sermon on the Mount is found after passages referring to the start of Jesus’ public life. The mountain is seen as a symbol of a new Mount Sinai, upon which Christ, a new Moses, offers his “law.” The previous chapter speaks of great crowds who began to follow Jesus and to whom he addressed his teachings.

These words, however, are spoken by Jesus to the disciples and to the newly formed community of those who would later be called Christians. He introduces the “kingdom of heaven” that lies at the very heart of his preaching (Mt 4:23; 5:19, 20).

**“Blessed are the merciful, for they will receive mercy.”**

What is mercy? Who are the merciful?

The sentence is introduced by the word “blessed,” which means happy or fortunate, as well as having the meaning of being blessed by God. In the text, this phrase has a central place among the nine Beatitudes, which do not refer to behavior that will be rewarded but are real opportunities to become a little more like God.

The merciful, in particular, are those whose hearts are filled with love for God and for their brothers and sisters, a concrete love that favors the least, the forgotten, the poor and those in need of this selfless love.

Mercy, in fact, is one of God's attributes. Jesus himself is mercy.

"**Blessed are the merciful, for they will receive mercy.**"

The Beatitudes transform and revolutionize our prevalent ways of thinking. They are not just words of consolation, but have the power to change our hearts, to create a new humanity and make the proclamation of the Word effective.

We should live the beatitude of mercy with ourselves too, and recognize that we are in need of that extraordinary, superabundant and immense love that God has for each of us.

The word mercy, rahamim in Hebrew, comes from rehem, or "womb," and evokes a sense of limitless divine mercy, like the compassion of a mother for her child.

It is "a love that is beyond measure, abundant, universal and concrete... A love that tends to draw out a response from others, which is the ultimate goal of mercy,"

"And so, if we have suffered due to any offence or any injustice, let us forgive and be forgiven. Let us be the first to be merciful and compassionate!

"Even if this seems difficult and challenging, let us ask ourselves, in front of each neighbor, how would this person's mother behave towards him or her? It is a thought that helps us to understand and live according to the heart of God."

**"Blessed are the merciful, for they will receive mercy."**

Here is how one couple tried to put this phrase into practice. "After two years of marriage, our daughter and her husband decided to separate. We welcomed her back into our home, and during the moments of tension that followed, we tried to love her by being patient, forgiving and having an attitude of understanding in our hearts.

"We maintained an open relationship with her and her husband, above all by trying not to be judgmental. After three months of listening, discreetly helping and many prayers, they were reunited, and there is a different sense of awareness, trust and hope in their relationship."

Being merciful is more than forgiving. It means having a heart that longs to cancel out and to burn away everything that could be an obstacle in our relationships with others.

Jesus' invitation to be merciful offers us a means of returning to the original design of God and become what we were created to be: made in his image and likeness.

Suggestions, comments, news and pics for inclusion: 'mcagurgaondiocese@gmail.com', or whatsapp nos 9868214289 (Gen. Secretary), 9879339439 (President), 9879100503 .P.G.James